## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5732** — **03/11/2016-ൽ മറുപടിയ്ക്ക്.**

### പാൽസംഭരണ-സംസ്കരണ-വിതരണ -രംഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻ കുട്ടി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര പാൽ സംഭരണ സഹകരണ സംഘങ്ങളും പാൽ വിപണന ഫെഡറേഷനുകളും മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്; | (എ) കേരളത്തിൽ പാൽ വിപണന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സഹകരണ പാൽ വിപണന ഫെഡറേഷൻ അഥവാ മിൽമ. ഇതിനു കീഴിൽ മൂന്നു മേഖല ക്ഷീരോൽപാദക സഹകരണ യൂണിയനുകൾ നിലവിലുണ്ട്.<br>മലബാർ മേഖലാ യൂണിയനിൽ 1192 ക്ഷീര സംഘങ്ങളും , എറണാകുളം മേഖലാ യൂണിയനു കീഴിൽ 1004 ക്ഷീര സംഘങ്ങളും തിരുവനന്തപുരം മേഖലാ യൂണിയനു കീഴിൽ 1049 ക്ഷീര സംഘങ്ങളുമുണ്ട്. |
| (ബി) മിൽമയിൽ ഷെയർ ഉള്ള പ്രാഥമിക സംഘങ്ങളിൽ മൊത്തം എത്ര അംഗങ്ങളുണ്ട്; ഇത്തരം സംഘങ്ങൾ വഴി എത്ര കർഷകർ ഓരോ ദിവസവും പാൽ എത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) 31.03.2015-ലെ കണക്കുപ്രകാരം മിൽമയിൽ ഷെയറുള്ള ക്ഷീര സംഘങ്ങളിൽ 10,06,099 പേർ അംഗങ്ങളായിട്ടുണ്ട്.<br><br>മലബാർ മേഖലാ യൂണിയനിൽ ഷെയർ ഉള്ള 958 പ്രാഥമിക സംഘങ്ങളിൽ 88172 കർഷകർ ദിവസവും പാൽ നൽകുന്നുണ്ട്.<br><br>എറണാകുളം മേഖലായൂണിയന്റെ സംഘങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം ഏകദേശം 2,51,000 ആണ്. എന്നാൽ ദിവസവും പാൽ നൽകുന്ന |

അംഗങ്ങളുടെ എണ്ണം ഏകദേശം 48,000 ആണ്.

തിരുവനന്തപുരം മേഖല യൂണിയന്റെ സംഘങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം 305114 ആണ്.ഇതിൽ പാൽ നൽകുന്ന അംഗങ്ങളുടെ എണ്ണം 35268 ആണ്.

(സി) സ്വകാര്യ മേഖലയിൽ പാൽ സംഭരണ-സംസ്കരണ-വിതരണ രംഗത്ത് എത്ര സംരംഭങ്ങളും ഉല്പാദക കമ്പനികളും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) 20 ഓളം പാൽ സംഭരണ സംസ്കരണ യൂണിറ്റുകൾ സ്വകാര്യ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്നു.

(ഡി) മിൽമയിൽ അംഗങ്ങളല്ലാത്ത കർഷകരിൽ നിന്നും ശരാശരി എത്ര ലിറ്റർ പാൽ ഒരു ദിവസം സംഭരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യക്തമായ കണക്കുകൾ ലഭ്യമല്ല

(ഇ) കേരളത്തിന് പുറത്ത് നിന്ന് കൊണ്ടുവരുന്ന പാൽപ്പൊടി ഉപയോഗിച്ച എത്ര ലിറ്റർ പാൽ ഒരു ദിവസം ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരമുള്ള എസ്. എൻ എഫിന്റെ (കൊഴുപ്പിതര പദാർത്ഥങ്ങൾ) തോത് നിലനിർത്തുന്നതിന് വേണ്ടിയാണ് പ്രധാനമായും പാൽപ്പൊടി ഉപയോഗിക്കാറുള്ളത്.
മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനും മലബാർ മേഖല യൂണിയനും പാൽപ്പൊടി ഉപയോഗിച്ച് പാലുൽപാദിപ്പിക്കേണ്ട സാഹചര്യം ഇപ്പോഴില്ല. എന്നാൽ എറണാകുളം മേഖല യൂണിയൻ പാൽപൊടി ഉപയോഗിച്ച് പ്രതിദിനം ഏകദേശം 14685 ലിറ്റർ പാൽ പുനസംഘടിപ്പിക്കുന്നുണ്ട് .

സെക്ഷൻ ഓഫീസർ.